കവിത

റോസാപ്പൂക്കളുടെയും തോക്കുകളുടെയും
സംഭാഷണം

حوار الورد والبنادق

സുആദ് മുഹമ്മദ് അൽ സബാഹ്

വിവർത്തനം
ഡോ. യു. പി. മുഹമ്മദ് ആബിദ്

Malayalam (Poetry)
rosaapookaludeyum thokukaludeyum sambhashanam

First Edition
September 2024

Title/ Arabic/ Origin
hiwar al ward wa al banadiq

By
Souad Mohammad Al Sabah (Kuwait)

Translated by
Dr. Muhammed Abid U. P

Cover design:

Published by:

Page:

Price:

Rights reserved

Copy:

ISBN:

Printed by:

അവശിഷ്ടങ്ങളുടെ അടിയിൽ നിന്ന്
മുളച്ച പൊന്തുന്ന റോസാപ്പൂക്കളെ പ്രതീക്ഷിച്ച്
ഞാനെപ്പോഴും ബാക്കിയുണ്ടാകും.

സുആദ്

ചന്ദ്രമുഖം പോലെ തെളിഞ്ഞ
ഉമ്മയുടെ മുഖത്ത് സമാധാനം വർഷിക്കട്ടെ.

സുആദ്

എന്റെ ആഘോഷരാവിൽ

സാഹിത്യകൃതി സമ്മാനിച്ച ഉപ്പയുടെ മേൽ

സമാധാനം വർഷിക്കട്ടെ.

സുആദ്

സുആദ് മുഹമ്മദ് അൽ സബാഹ്

അറബി സാഹിത്യലോകത്ത് ഏറെ ശ്രദ്ധ നേടിയ കുവൈത്ത് കവയത്രിയും എഴുത്തുകാരിയും നിരൂപകയുമാണ് സുആദ് മുഹമ്മദ് അൽ സബാഹ്.

തെക്കൻ ഇറാഖിലെ ബസറ ഗവർണറേറ്റിലെ അൽ സുബൈർ എന്ന പ്രദേശത്ത് 1942 മെയ് 22ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ബസറയിലെ ഹലീമ അൽ സഅദിയ പ്രൈമറി സ്കൂളിലും, കുവൈത്തിലെ അൽ ഖൻസാ സ്കൂളിലുമായി പൂർത്തീകരിച്ചു. സെക്കൻഡറി വിദ്യാഭ്യാസം കുവൈത്തിലെ അൽ മിർഖാബ് സ്കൂളിൽ നിന്നും നേടി.

കെയ്റോ യൂണിവേഴ്സിറ്റിയിൽ നിന്ന് 1973ൽ സാമ്പത്തിക ശാസ്ത്രത്തിലും രാഷ്ട്രമീമാംസയിലും ബിരുദം പൂർത്തീകരിച്ചു. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് 1976ൽ ബിരുദാനന്തര ബിരുദം നേടി. ലണ്ടനിലെ സറേ യൂണിവേഴ്സിറ്റിയിൽ നിന്ന് 1981ൽ സാമ്പത്തിക ശാസ്ത്രത്തിലും രാഷ്ട്രമീമാംസയിലും ഗവേഷണബിരുദം പൂർത്തീകരിച്ചു.

കുവൈത്തിലെ ഭരണവിഭാഗമായ അൽ സബാഹ് കുടുംബാംഗമായ സുആദ് അൽ സബാഹ് പ്രസിദ്ധീകരണത്തിനും വിതരണത്തിനും വേണ്ടി 1985ൽ 'സുആദ് അൽ സബാഹ് പബ്ലിഷിംഗ് & ഡിസ്ട്രിബ്യൂഷൻ ഹൗസ്' സ്ഥാപിച്ചു. അറബ് യുവാക്കളിൽ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി മത്സരങ്ങൾ സംഘടിപ്പിക്കുകയും 'സുആദ് അൽ സബാഹ് അവാർഡ് ഫോർ ഇൻറലക്ച്വൽ ക്രിയേറ്റിവിറ്റി' എന്ന പുരസ്കാരം സ്ഥാപിക്കുകയും ചെയ്തു.

കുവൈത്തിന് അകത്തും പുറത്തുമുള്ള നിരവധി വിദ്യാഭ്യാസ, സാഹിത്യ, സാമ്പത്തിക സമിതികളിൽ അംഗത്വമുള്ള സുആദ് അൽ സബാഹ് അനവധി ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഇരുപതോളം കവിതാസമാഹാരങ്ങൾ പുറത്തിറക്കിയ സുആദ് അൽ സബാഹ് സാഹിത്യ, നിരൂപണ, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

ഡോ. യു. പി. മുഹമ്മദ് ആബിദ്

കോഴിക്കോട് ഫാറൂഖ് കോളേജിലെ അറബി ഗവേഷണവിഭാഗം അസിസ്റ്റന്റ് പ്രൊഫസറും റിസർച്ച് ഗൈഡുമായ ഡോ. യു. പി. മുഹമ്മദ് ആബിദ് മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്ന തവനൂർ പഞ്ചായത്തിലെ മാത്തൂർ സ്വദേശിയാണ്.

വളവന്നൂർ അൻസാർ അറബിക് കോളേജിൽ നിന്ന് അറബി ഭാഷ, സാഹിത്യത്തിൽ ബി. എയും, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എയും വിവർത്തനത്തിൽ പി. ജി ഡിപ്ലോമയും, കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബി. എഡും പി. എച്ച്. ഡിയും നേടി.

അൾജീരിയയിലെ ബുലൈദ യൂണിവേഴ്സിറ്റി, ഖത്തർ സാംസ്കാരിക, കായികമന്ത്രാലയത്തിന് കീഴിലെ ഖത്തരി ഫോറം ഫോർ ഓതേർസ്, യു. എ. ഇയിലെ ഷാർജ കൾച്ചറൽ ക്ലബ്ബ്, ഒമാനിലെ ശബക അൽ മസ്സഅ അൽ സഖാഫിയ, ഒമാൻ കൾച്ചറൽ ക്ലബ്ബ്, ഒമാനിലെ സുൽത്താൻ ഖാബൂസ് യൂണിവേഴ്സിറ്റി, ലെബനാനിലെ അറബിക് ലാംഗ്വേജ് ഇന്റർനാഷണൽ കൗൺസിൽ (ദുബായ്) എന്നിവ സംഘടിപ്പിച്ച അറബി സാഹിത്യ കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ഡോ. കെ. കെ. എൻ. കുറുപ്പ് രചിച്ച 'ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമനും തുഹ്ഫത്തുൽ മുജാഹിദീനും – ചരിത്രഗ്രന്ഥത്തിന്റെ പുനർവായന' എന്ന പുസ്തകത്തിന്റെ അറബി വിവർത്തനത്തിൽ പങ്കാളിയാവുകയും ഖത്തർ ചെറുകഥാകൃത്ത് സമീറ ഉബൈദിന്റെ 'മണലിൽ നിന്നും രക്ഷപ്പെട്ട കൊത്തുപണി', ഖത്തർ ചെറുകഥാകൃത്ത് ജമാൽ ഫായിസിന്റെ 'പെരുന്നാൾ ദിനം', ഖത്തർ നോവലിസ്റ്റ് ഹിസ്സ അൽ അവദിയുടെ 'ഗസ്സാൻ', യു. എ. ഇ നാടകകൃത്ത് ഫാത്തിമ അൽ മസ്റൂഇയുടെ 'ഹെസ്സ', എറിത്രിയൻ സാഹിത്യകാരൻ ഹാഷിം മഹ്മൂദിന്റെ 'അസ്മറയിലെ ശൈത്യകാലം', ഒമാനി നാടകകൃത്ത് ഡോ. വഫാ അൽ ശാംസിയുടെ 'ഞാൻ നഷ്ടപ്പെടുത്തുകയില്ല', എറിത്രിയൻ സാഹിത്യകാരൻ ഹാഷിം മഹ്മൂദിന്റെ 'മുഹമ്മദ് സലാഹ്: കാല്പന്തിൽ വിരിഞ്ഞ ദേശാടനം' എന്നിവ മലയാളത്തിലേക്ക് വിവർത്തനം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.

വിവർത്തകക്കുറിപ്പ്

കുവൈത്ത് കവയത്രി സുആദ് മുഹമ്മദ് അൽ സബാഹ് നീണ്ട ഇടവേളക്ക് ശേഷം പുറത്തിറക്കിയ കവിതാസമാഹാരമാണ് 'ഹിവാർ അൽ വർദ് വ അൽ ബനാദിക്' .

സുആദ് അൽ സബാഹിന്റെ കാവ്യാത്മക ജീവിതത്തിലെ ശ്രദ്ധേയമായ കുതിച്ചുചാട്ടവും അറബ്, മാനവിക തത്വങ്ങളുടെ സുവ്യക്തമായ പ്രഖ്യാപനവുമാണ് ഈ കൃതി വിളിച്ചോതുന്നത്.

നിരവധി പതിപ്പുകളിലായി പുറത്തിറങ്ങിയ ഈ കവിതാസമാഹാരം അരനൂറ്റാണ്ടിലേറെ നീണ്ടുനിൽക്കുന്ന തന്റെ കാവ്യാനുഭൂതിയുടെ വർണ്ണാഭമായ കാഴ്ചകളും ഇടിമുഴക്കവും പറത്തിവിട്ട ഒരു സുപ്രധാന കാലഘട്ടത്തിലേക്കാണ് ആസ്വാദകരെ ക്ഷണിക്കുന്നത്.

'അൽ സുബൈർ' നഗരത്തിലെ തന്റെ ബാല്യകാലം, കവിതാ പ്രതിഫലനങ്ങൾ, ജീവിതചലനങ്ങൾ, സാഹിത്യ അനുഭവങ്ങൾ, ബൗദ്ധിക പോരാട്ടങ്ങൾ എന്നിവ ഈ രചനയുടെ സവിശേഷതയാണ്.

ഈ കവയത്രിയുടെ മനസ്സിൽ തുടക്കം മുതൽ വേരൂന്നിയ അറബ് സ്വത്വബോധം ഈ സമാഹാരത്തിലെ ഒന്നിലധികം കവിതകളിൽ മങ്ങാതെയും തീനാളമായും പ്രതിഫലിച്ചിട്ടുണ്ട്.

ദേശസ്നേഹവും സ്വത്വരാഷ്ട്രീയവും ഒരുപോലെ സമ്മേളിച്ച സുആദ് മുഹമ്മദ് അൽ സബാഹിന്റെ ഈ കവിതാ സമാഹാരത്തിന്റെ വിവർത്തനം 'റോസാപ്പൂക്കളുടെയും തോക്കുകളുടെയും സംഭാഷണം' ഏറെ വിനയത്തോടെ കൈരളിക്ക് സമർപ്പിക്കുന്നു.

ഡോ. യു. പി. മുഹമ്മദ് ആബിദ്

ഉള്ളടക്കം

1. പ്രവേശിക ....
2. ഞാൻ കടലാണ്, സൂര്യനും മുത്തുമാണ് ....
3. കള്ളം പറയുന്ന കവികൾ ഇപ്പോഴും നമ്മോടൊപ്പമുണ്ട്..........
4. തീർച്ചയായും ഞാനൊരു അതിഥിയാണ്, താങ്കൾ കവിയും.....
5. റോസാപ്പൂക്കളുടെയും തോക്കുകളുടെയും സംഭാഷണം ....
6. നനഞ്ഞ ഹൃദയത്തിൽ നിന്ന് തേൻ ഒഴുകി ....
7. അറബിക്കടലിൽ നിന്ന് കുടിക്കുന്ന ഈന്തപ്പന ....
8. വിവാഹ രാത്രിയിൽ 'സഖി' യുമായുള്ള സംഭാഷണം ....

1

പ്രവേശിക

ബസറയിൽ ഞാൻ
പഠിച്ചിരുന്ന കാലം,
സഹപാഠികൾക്കെല്ലാം
ഒരുമ്മയാണ്
ഉണ്ടായിരുന്നത്.
എനിക്കാകട്ടെ രണ്ടു പേർ.
ജന്മമേകിയ ഉമ്മ,
പാലൂട്ടിയ മറ്റൊരുമ്മ.

സ്കൂളിൽ
പോകുന്നതിന് മുമ്പ്
മുടി മിടഞ്ഞു
തന്നിരുന്ന ഉമ്മ.
മടങ്ങിയെത്തുമ്പോൾ
കൊച്ചുകാലുകൾ
കഴുകി തന്നിരുന്ന ഉമ്മ.
ഇരുട്ട് പരക്കുമ്പോൾ
നെഞ്ചിൽ
ഒളിപ്പിച്ചിരുന്ന ഉമ്മ.

പെൺമക്കളിൽ
ഒരാളായും
ഈന്തപ്പനകളിൽ
ഒന്നായും എന്നെ
കണക്കാക്കിയിരുന്ന ഉമ്മ.
എന്റെ സ്വത്വത്തിലും
കണ്ണുകളുടെ സ്ഫടികത്തിലും
പതിഞ്ഞിരുന്ന ഉമ്മ.

ആദ്യത്തെ ഉമ്മയും
രണ്ടാമത്തെ ഉമ്മയും
തമ്മിലുള്ള സാമ്യത വ്യക്തം.
പ്രണയത്തിന്റെ തീവ്രതയും
സ്പർശനങ്ങളുടെ ഊഷ്മളതയും
പ്രാർത്ഥനകളുടെ മന്ത്രവും
ഒരു പോൽ.

ഉമ്മയുടെ
കറുത്ത കണ്ണുകളിൽ
തിളങ്ങുന്ന നക്ഷത്രങ്ങൾ
എന്റെ രാജ്യത്തെ രാത്രികളെ
പ്രകാശിപ്പിക്കുന്ന
നക്ഷത്രങ്ങൾക്ക് സമാനം.

ഉമ്മയുടെ ജലമയസ്വരം
എന്റെ സിരകളിലൂടെ
പുഴകൾ പായ്ക്കുന്ന
ശബ്ദസമാനം.

അതൊരു വലിയ
വൈകാരിക പ്രതിസന്ധി.
എന്റെ രക്തം പരിശോധിച്ച
ഡോക്ടർമാർ വരേക്കും
എന്റെയും അവരുടെയും
രക്ത തരങ്ങൾക്കിടയിൽ
ഒരു വ്യത്യാസവും
കണ്ടെത്തിയില്ല.

എന്റെ രണ്ടാമത്തെ ഉമ്മ,
അത് കുവൈത്താണ്.
***

2

ഞാൻ കടലാണ്, സൂര്യനും മുത്തുമാണ്

1
ഞാനൊരു സ്ത്രീ,
ഇറാഖിനെ
സ്നേഹിക്കാൻ
തീരുമാനിച്ച സ്ത്രീ.
കുട്ടിക്കാലം മുതൽ
ഇറാഖിലെ
രാത്രി കൊണ്ട്
കണ്ണുകളിൽ
സുറുമയിട്ടുമായിരുന്നു.
ഇറാഖിലെ
മണ്ണ് കൊണ്ട് കൈയിൽ
മൈലാഞ്ചിയിട്ടുമായിരുന്നു.
ഇറാഖിലെ
ഈന്തപ്പനയോട്
സാദൃശ്യപ്പെടാനായി
നീളൻ മുടി
ഉപേക്ഷിക്കുമായിരുന്നു.

ഒരു സ്ത്രീയോടും
സാദൃശ്യപ്പെടാത്ത
ആളാണ് ഞാൻ.
ഞാൻ കടലാണ്,
സൂര്യനും മുത്തുമാണ്.

വാളിനെ
വേളി കഴിക്കുന്നതാണ്
എന്റെ പ്രകൃതം.
ദശലക്ഷം ഈന്തപ്പനകളെയും
കൺമണികളെയും
വേളി കഴിക്കുന്നതാണ്
എന്റെ പ്രകൃതം.
ഭംഗിയുള്ള കുതിരകളുടെ
ചിനക്കലിനെ
ഒരു ദിനം

വേളി കഴിക്കുന്നതാണ്
എന്റെ പ്രകൃതം.

വീരജലം കൊണ്ട് സ്നാനം
ചെയ്തില്ലെങ്കിൽ
ഞാൻ എങ്ങനെ
പ്രണയബന്ധം പുലർത്തും?
പൗരുഷ്യമില്ലാത്തവരെ സ്ത്രീകൾ
എങ്ങനെ സ്നേഹിക്കും?

2
ഞാനൊരു ദിനം
സ്നേഹിക്കപ്പെട്ടാലും
സ്വന്തത്തെ വഞ്ചിക്കുകയില്ല.
മുഖസ്തുതി പറയുകയല്ല.

എന്റെ കണ്ണുകൾക്ക് മുമ്പിൽ
നാഗരികതകൾ ഉറങ്ങുന്നു.
ചെന്നിക്ക് മുകളിലൂടെ
സമൂഹങ്ങൾ
കടന്നുപോകുകയും
ഗോത്രങ്ങൾ
നീങ്ങുകയും ചെയ്യുന്നു.

ഒരു സമയം
ഞാൻ ഗ്രാമീണ ഫലകവും,
മറ്റൊരു സമയം
അറബ് പതാകയുമാണ്.

എന്റെ വിവാഹ രാത്രി
അനുഗ്രഹീതമായിരുന്നു.
വാളുകളുടെ നിഴലിലും
പന്തങ്ങളുടെ വെളിച്ചത്തിലുമാണ്
വിവാഹം നടന്നത്.
വിവാഹസമ്മാനം
ഭംഗിയുള്ള കുതിരയും
അഞ്ച് വിളകളുമായിരുന്നു.

പ്രണയം കൊണ്ട്

കവിതയും അഭിമാനനിൽപ്പും,
പിന്നെ,
യുദ്ധ വാളുമല്ലാതെ
എന്താണ്
സ്ത്രീകൾ ആഗ്രഹിക്കുന്നത്?
പോരാളിയുടെ കണ്ണുകളിലെ
മനോഹരമായ തിളക്കത്തേക്കാൾ
എന്ത് മഹത്വമാണ്
സ്ത്രീകൾ ആഗ്രഹിക്കുന്നത്?

3
അറബ് ദേശത്തെ കുറിച്ചുള്ള
എന്റെ ഓർമ്മകൾക്ക്
സമാധാനം.
കരിമ്പിന് മുകളിൽ
നൃത്തം ചെയ്യുന്ന
ജലപക്ഷിക്ക് സമാധാനം.
സ്വർണ്ണവള പോലെ
ഉൾക്കടലിൽ വീഴുന്ന
സൂര്യന് സമാധാനം.

എന്റെ ആഘോഷരാവിൽ
സാഹിത്യകൃതി സമ്മാനിച്ച
ഉപ്പയുടെ മേൽ സമാധാനം.

ചന്ദ്രമുഖം പോലെ തെളിഞ്ഞ
ഉമ്മയുടെ മുഖത്ത് സമാധാനം.

ഏറ്റവും രുചികരമായ
പഴങ്ങൾ തന്നിരുന്ന
വീട്ടിലെ ഈന്തപ്പനക്ക്
സമാധാനം.

ഇടിമുഴക്കത്തിന്റെ
പൊട്ടിച്ചിരികൾക്ക്
സമാധാനം.
മഴത്തുള്ളികൾക്ക്
സമാധാനം.

കൊടിമരങ്ങളുടെ
ചക്രശ്വാസത്തിനും,
യാത്രയ്ക്ക് മുമ്പുള്ള
വാഹനങ്ങളുടെ സങ്കടത്തിനും
സമാധാനം.

കുവൈത്ത്
ച്ചൂട്ടുപിടിച്ചിരിക്കുന്നു.
നിന്നെ ഓർക്കുമ്പോഴെല്ലാം
എന്റെ അധരങ്ങളിൽ
മരങ്ങൾ തളിരിടുന്നു.

നിന്റെ സ്നേഹം വിധിയും
നിശ്ചയവുമായിരിക്കെ,
എന്റെ വികാരം
ഞാനെങ്ങനെ
ഇല്ലാഴ്മ ചെയ്യും?
***

3

കള്ളം പറയുന്ന
കവികൾ ഇപ്പോഴും നമ്മോടൊപ്പമുണ്ട്

1
വാൾ
തൊണ്ടയിലേക്ക്
എത്തിയിരിക്കുന്നു.
എഴുതുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.
വാൾ
എല്ലിലേക്ക്
എത്തിയിരിക്കുന്നു.
ചെയ്യാത്തത് താളുകളിൽ പറയുന്ന,
കള്ളം പറയുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

ചക്രവാളങ്ങൾ
തീക്കനലും ശകലങ്ങളും
രക്തവുമായിരിക്കെ,
സായാഹ്നത്തിൽ
നമ്മൾ എന്താണ് ചെയ്യുന്നത്?

നമ്മുടെ കസേരകൾ
നാം കാരണം മുഷിഞ്ഞിരിക്കുന്നു.
വേനൽക്കാലമോ,
ശൈത്യകാലമോ
എന്നറിവ് നമുക്കില്ല.

ആവിഷ്കാര, വ്യാകരണ കാലമേ,
നമ്മൾ വ്യർത്ഥത കൊണ്ടും
ശൂന്യമായ സംസാരം കൊണ്ടും
സ്ത്രീകളുടെ അപവാദങ്ങൾ കൊണ്ടും
തൃപ്തിയടഞ്ഞിരിക്കുന്നു.

എനിക്കൊരു വാൾ തരൂ.
എല്ലാ കവികളുടെയും സമാഹാരങ്ങൾ
എന്നിൽ നിന്ന് എടുക്കൂ.
എനിക്ക് നീതി തരൂ.

എല്ലാ സാഹിത്യകാരുടെയും
ഉപദേശങ്ങൾ
എന്നിൽ നിന്ന് എടുക്കൂ.
എനിക്ക് സമൂഹത്തെ തരൂ.
എല്ലാ സഖ്യകക്ഷികളുടെയും
കിരീടങ്ങൾ എടുക്കൂ.

പ്രഭാതത്തിലും പ്രദോശത്തിലും
നമ്മൾ എന്താണ് ചെയ്യുന്നത്?
ഗായകർ ഏത് സ്ഥലത്ത് പാടും?
ഏത് ഭാഷാമഞ്ചയിൽ
ഉറങ്ങുന്നവർ നിദ്ര പൂളും?

കഴുമരമോ
വിവരമറിയിക്കുന്നവരോ
ഇല്ലാത്ത മാതൃഭൂമി എന്ന
ഒരിഞ്ച് ഭൂമിക
എനിക്ക് തരൂ.
പ്രവാസികളും ജയിലുകളും
മറയ്ക്കാത്ത
മാതൃഭൂമി എന്ന
ഒരിഞ്ച് ഭൂമിക
എനിക്ക് തരൂ.

വാൾ
തൊണ്ടയിലേക്ക്
എത്തിയിരിക്കുന്നു.
എഴുതുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

ക്ഷയം
എല്ലിലേക്ക്
എത്തിയിരിക്കുന്നു.

ചെയ്യാത്തത് താളുകളിൽ പറയുന്ന,
കള്ളം പറയുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

2

ഹാളും വാതിലുകളും
ശ്രോതാക്കളെയും
ഭക്ഷിച്ച് ദിനോസറുകൾ
ഇപ്പോഴും ഇവിടെയുണ്ട്.
ദശലക്ഷക്കണക്കിന് വർഷങ്ങൾ
മറഞ്ഞിരുന്ന ശേഷം
പ്രാസങ്ങളും
കനത്ത താളങ്ങളുമായി
നമ്മിലേക്ക് പാഞ്ഞുകയറുന്ന
ദിനോസറുകൾ ഇവിടെയുണ്ട്.

ഈ വമ്പൻ കൂട്ടക്കൊല
അവസാനിപ്പിക്കൂ.
കൂലിപ്പടയാളികളുടെ
കൂടാരം പൂട്ടൂ.
മരിച്ചവർ തിരിച്ചിട്ടുണ്ട്.
പക്ഷേ,
അവർ
ആധുനികരുടെ
വസ്ത്രത്തിലാണ്.

'ഫാഇലാത്തുൻ' 'ഫാഇലാത്തുൻ' 'ഫാഇലാത്തുൻ'
'റമലും' 'റമലും' 'റമലും'
'റജസും' 'റജസും' 'റജസും'
'ഖബബും' 'ഖബബും' 'ഖബബും'

തീർച്ചയായുമിത്
പ്രാസത്തിന്റെ പോരാട്ടമാണ്.
നമ്മുടെ കഴുത്തിൽ നിന്ന്
മണിനാദത്തിന്റെ വാൾ
ആരാണ് ഉയർത്തുന്നത്?

ചിത്രാലങ്കാരത്തിന്റെയും
ചിട്ടപ്പെടുത്തലിന്റെയും
അർദ്ധശ്ലോകതിന്റെയും
നാലും അഞ്ചുമായി
വർഗ്ഗീകരിക്കുന്നതിന്റെയും
കരകൗശലക്കാരുടെയും
വിദഗ്ധരുടെയും കാലമേ,
ഛർദ്ദി
തൊണ്ടയിലേക്ക്
എത്തിയിരിക്കുന്നു.
എല്ലാ കവികളും വീഴട്ടെ.

തകർച്ചയുടെ കാലമേ,
ന്യായീകരണ ഷാപ്പുകളുടെയും
കളിക്കാരുടെ ചതികളുടെയും
കാരണം നമ്മൾ
വിശപ്പടഞ്ഞിരിക്കുന്നു.

വീഴ്ച്ചയുടെ കാലമേ,
എന്തുകൊണ്ടാണ്
ജയിച്ചവരുടെ കാല്പാദങ്ങളിൽ
കവിത ചുംബിക്കുന്നത്?

'സബ്ര' യിലും
'ഷാറ്റില' യിലുമുള്ള
ഘാതകകാലമേ,
അറക്കുന്നവന്റെ മുന്നിൽ
കവിത എന്തിനാണ്
നിശബ്ദമാക്കുന്നത്?

വർണ്ണനയില്ലാത്ത കാലമേ,
പാപികളിൽ അധിപന്റെ കാൽ
എന്തിനാണ് ഭാഷ നക്കുന്നത്?

3
ഇവിടെ നാം
വ്യാകരണത്തിന്റെ
തേറ്റകൾക്കിടയിൽ വീണിരിക്കുന്നു.
മാഫിയകൾ... മാഫിയകൾ...

കവിത മാഫിയകളുടെ
കൈകളിലായി.
നിരൂപണം മാഫിയകളുടെ
കൈകളിൽ
അകപ്പെട്ടിരിക്കുന്നു.

'ഫാഇലാത്തുൻ' 'ഫാഇലാത്തുൻ' 'ഫാഇലാത്തുൻ'

നാടോടി അറബികളുടെ കാലമേ,
പ്രവാസത്തിന്റെയും
പാലായനത്തിന്റെയും കാലഘട്ടമേ,
വാക്കുകൾ ഉപകാരപ്പെടാത്ത
അറബ് കാലമേ,
വൃത്തികേടിന്റെ കാലമേ,
എന്റെ രാജ്യത്ത്
എവിടെ നിന്നാണ്
ക്രിയാത്മകതയുള്ളവർ
വരുന്നത്?
കണ്ണീരിന്റെ ഏത്
കുരിശിലാണ്
അവർ ജനിക്കുന്നത്?

കഴുമരമോ
വിവരമറിയിക്കുന്നവരോ
ഇല്ലാത്ത മാതൃഭൂമി എന്ന
ഒരിഞ്ച് ഭൂമിക
എനിക്ക് തരൂ.
പ്രവാസികളും ജയിലുകളും
മറയ്ക്കാത്ത മാതൃഭൂമി എന്ന
ഒരിഞ്ച് ഭൂമിക
എനിക്ക് തരൂ.

വാൾ
തൊണ്ടയിലേക്ക്
എത്തിയിരിക്കുന്നു.
എഴുതുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

ക്ഷയം
എല്ലിലേക്ക്
എത്തിയിരിക്കുന്നു.
ചെയ്യാത്തത് താളുകളിൽ പറയുന്ന,
കള്ളം പറയുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

4

സ്നേഹത്തിൻ കാലമേ,
എത്രയോ തവണ
നമ്മൾ വന്നിരിക്കുന്നു.
ആവേശഭരിതരായിരിക്കുന്നു.
ഉൻമേഷരായിരിക്കുന്നു.
നമ്മൾ ചുവർ ചിത്രങ്ങൾ
പോലെ തിരിഞ്ഞു.
ചിരിക്കുകയും കരയുകയും
ചെയ്തിരിക്കുന്നു.

കവിത നമ്മളോട്
ദേഷ്യപ്പെടുന്നത് വരെ
ഏറ്റവും മോശമായ കവിത
വായിക്കുകയും ചെയ്തിരിക്കുന്നു.
നമ്മൾ ആവർത്തിക്കുകയും
ദീർഘിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ജനക്കൂട്ടം വാളുകൊണ്ട്
നമ്മളുടെ കൈകൾ
വെട്ടുന്നത് വരേ പ്രസംഗപീഠത്തിൽ
പോലും സംസാരിച്ചിരുന്നു.

കവിതയുടെ കാലമേ,
നമ്മൾ പഴയ വസ്ത്രങ്ങൾ
കൊണ്ടുവന്നിരിക്കുന്നു.
വെളിപ്പാടില്ല, വെളിച്ചവുമില്ല.
പുതിയ കാഴ്ചപ്പാടുകളില്ല.
എല്ലാ പ്രവിശ്യകളിൽ നിന്നും
ബസുകൾ വന്നു കഴിഞ്ഞു.
കവിത വന്നില്ല.

‘ ഫാഇലും’ ‘ മഫ്ഊലും’ വന്നു.
‘നാസിബും’ ‘മൻസൂബും’ വന്നു.
‘ജാസിമും’ ‘മജ്സൂമും’ വന്നു.

പുരോഹിതർ, വ്യാപാരികൾ,
അറബി പൗരത്വം സ്വീകരിച്ചർ
തുടങ്ങിയവർ വന്നു.
പിന്നീട്,
ഗണിതബുദ്ധി വന്നു.
പക്ഷേ,
ഭ്രാന്ത് വന്നില്ല.

കവിതയുടെ കാലമേ,
ഞങ്ങളോട് ക്ഷമിക്കൂ.
നമ്മുടെ രാജ്യങ്ങളിലെ
അടിച്ചമർത്തലുകൾ
കണ്ണുകളെ അന്ധമാക്കുന്നു.

കഴുമരമോ
വിവരമറിയിക്കുന്നവരോ
ഇല്ലാത്ത മാതൃഭൂമി എന്ന
ഒരിഞ്ച് ഭൂമിക
എനിക്ക് തരൂ.
പ്രവാസികളും ജയിലുകളും
മറയ്ക്കാത്ത മാതൃഭൂമി എന്ന
ഒരിഞ്ച് ഭൂമിക
എനിക്ക് തരൂ.

വാൾ
തൊണ്ടയിലേക്ക്
എത്തിയിരിക്കുന്നു.
എഴുതുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

ക്ഷയം
എല്ലിലേക്ക്
എത്തിയിരിക്കുന്നു.
ചെയ്യാത്തത് താളുകളിൽ പറയുന്ന,

കള്ളം പറയുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

5

മാന്യരേ,
തോട്ടങ്ങളിലെ തുളസിക്കും
വഴികളിലെ തുളസിക്കുമിടയിൽ
കവിത ഇവിടെ
എന്താണ് ചെയ്യുന്നത്?
വഞ്ചനയുടെ കാലഘട്ടത്തിൽ,
നന്ദികേടിന്റെ കാലഘട്ടത്തിൽ
കവി എന്താണ് പാടുന്നത്?

നമ്മളേക്കാൾ
പാശ്ചാത്യരെ ഇഷ്ടപ്പെടുന്ന
സുഹൃത്ത്.
യഹൂദനാട്ടിലെ വീടുകൾ
ഇഷ്ടപ്പെടുന്ന സുഹൃത്ത്.
നാം
'ആദി' ന്റെയും
'ഥമൂദി' ന്റെയും
കാലഘട്ടം പാടുകയാണോ
വേണ്ടത്?

നിറമോ രുചിയോ മണമോ
ഇല്ലാത്ത കാലമേ,
അനറബികൾ അവനെ വിട്ടുപോയി.
അറബി പൗരത്വം സ്വീകരിച്ചവർ
വന്നിരിക്കുന്നു.
വാൾ തന്റെ സ്വപ്നങ്ങൾ
ഉപേക്ഷിച്ചിരിക്കുന്നു.
ജയിച്ചവർ
രാജി വെച്ചിരിക്കുന്നു.

വാൾ
എല്ലിലേക്ക്
എത്തിയിരിക്കുന്നു.
ചെയ്യാത്തത് താളുകളിൽ പറയുന്ന,

കള്ളം പറയുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

ക്ഷയം
എല്ലിലേക്ക്
എത്തിയിരിക്കുന്നു.
ചെയ്യാത്തത് താളുകളിൽ പറയുന്ന,
കള്ളം പറയുന്ന കവികൾ
ഇപ്പോഴും നമ്മോടൊപ്പമുണ്ട്.

6

ആകാശത്തിലെ മരങ്ങളെ
തീപ്പെട്ടി ഉരച്ച് കത്തിക്കുന്ന
കവിതയേ,
രാവിലെയും വൈകുന്നേരവും
എന്റെ ഹൃദയത്തിൽ നിന്ന്
ഭക്ഷിക്കുന്നവനേ,
ക്ഷീണിതനായി
എന്നെ കുഴിക്കുന്നവനേ,
അപമാനത്തിന്റെ സ്ഥാനം
നീ എങ്ങനെ അംഗീകരിക്കും?
കവിത അഭിമാനത്തിന്റെ സന്തതിയല്ലേ?

ചരിത്രകവാടത്തിൽ
കഴുകനെപ്പോലെ
നിൽക്കുന്നവനേ,
ഞങ്ങൾ കുറവു
വരുത്തിയിട്ടുണ്ട്.
നീ നെഞ്ചിലെ
സാമൂഹിക വിലാപം
അടിച്ചമർത്തിയിട്ടുണ്ട്.
പക്ഷേ,
നിങ്ങളുടെ വിലാപം
ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.
ഞങ്ങൾ മനഃപാഠമാക്കുന്ന
എല്ലാ അക്ഷരമാലകളും
നിന്റെ വിരലുകളെ
സ്പർശിച്ചിട്ടിട്ടില്ല.

ചുഴലിക്കാറ്റിന്റെ ശബ്ദം
എനിക്ക് തരൂ.
എന്നിൽ നിന്ന്
രാപ്പാട്ടി പക്ഷിയുടെ
രാഗം എടുക്കൂ.
സത്യപോരാട്ടത്തിൽ പൂക്കുന്ന
ആ മുറിവ് എനിക്ക് തരൂ.
ഒപ്പം പ്രിയപ്പെട്ടവന്റെ
മന്ദസ്മിതം
എടുക്കുകയും ചെയ്യൂ.
***

4

തീർച്ചയായും ഞാനൊരു അതിഥിയാണ്, താങ്കൾ കവിയും

1

വിജയാശ്രീലതനായ
കുതിരക്ക് വേണ്ടി
വഴി മാറൂ.
സുന്ദരമായ ശിരസ്സിൽ
നന്ദിയോടെ ചുംബിക്കൂ.
അരിയും പൂക്കളും വിതറൂ.
അറേബ്യൻ കുതിരക്ക്
വേണ്ടി ഹൃദയം തുറക്കൂ.

കുതിരക്ക് കണ്ണീരും വികാരങ്ങളുമുണ്ട്.
ഗോതമ്പും ബദാമും അത്തിപ്പഴവും
ഭക്ഷണമായി നൽകൂ.
അതിനെ വിട്ടേക്കൂ,
ക്വാറികൾക്കിടയിൽ ഉറങ്ങട്ടെ.

അതിയായ ആഗ്രഹത്താലാണത്
ദൂരം താണ്ടുന്നത്.
സൂര്യന് മുകളിൽ
മഹത്വത്തിന്റെ കുളമ്പും
ഗ്രഹങ്ങളുടെ മുൻവശത്ത്
കുളമ്പുമുണ്ട്.

2

ഞങ്ങൾക്കൽപ്പം
സ്വസ്ഥമായ നിശബ്ദത നൽകൂ.
നിങ്ങളുടെ
നാമങ്ങളും സർവ്വനാമങ്ങളും
തിരികെയെടുക്കൂ.
കുതിരകൾക്ക്
‘സ്വർഗ്ഗം’ ‘നഹ്‌വും’
വേണ്ടതില്ല.
വേദികളിലെ വിടുവായത്തങ്ങൾ
അവക്ക് വെറുപ്പാണ്.

നിലവിളിച്ചുകൊണ്ടോ
നഖങ്ങൾ കൊണ്ടോ
തങ്ങളുടെ കാലത്തെ
വെല്ലുവിളിക്കാൻ
എഴുതുന്നവരോട് പറയുക.
നരിയുടെ കരച്ചിലിന്
ഇവിടെ ഇടമില്ല.
അപകട സഞ്ചാരത്തിന്
എന്റെ താളിന് ഭയമാണ്.
കപടമായി വയറോടെ
ഇഴയുന്നവർക്കും
ധൂപവാഹകർക്കും
ഇവിടെ സ്ഥാനമില്ല.

3
ദശലക്ഷം കവികൾക്ക്
ഭൂമി ഉണ്ടായതു മുതൽ
മതിയായ സ്ഥലമുണ്ടോ?
അതിമാന്യന്
കഴിവുള്ളവനായിരിക്കെ
അഭിമാനപൈതൃകം
എങ്ങനെ ഉപേക്ഷിക്കാൻ ആവും?
കവിതയിൽ ആധുനികത
നമുക്ക് വാദിക്കാം.
എന്നാൽ,
സമകാലികഭാഷ എവിടെ?

4
കഠാരകളുടെ കാട്ടിൽ
ജീവിക്കുമ്പോൾ
അമൃതും റോസാപ്പൂക്കളും
നിങ്ങൾക്കെങ്ങനെ
സമ്മാനിക്കാനാവും?

കവിത
'മാംലൂക്കു' കളുടെ മുന്നിലും
എല്ലാ 'സീസർമാർ' ക്കുമുള്ള
ഭാഗ്യമായി തീർന്നിരിക്കുന്നു.

സൈനികൻ ഞങ്ങളെ
സൈനികമായി ഉപദേശിച്ചു.
എന്റെ നാഥാ,
ചാരന്മാരെ പിന്തുടരുന്ന
സൈനികരുടെ ചെരുപ്പ്
ഞാൻ നിങ്ങളിൽ കാണുന്നില്ല.
ഏത് ചാരന്മാരെക്കുറിച്ചാണ്
നമ്മൾ വീമ്പിളക്കുന്നത്?
യഥാർത്ഥത്തിൽ
വ്യാപാരിയും മകനുമായ
എത്ര ചെന്നായ്ക്കളാണ്
ഖിലാഫത്ത് ഏറ്റെടുത്തത്?

5
സുഹൃത്തേ,
ഇപ്പോഴും
എന്റെ കവിത ക്രൂരവും,
കവിത
വിപ്ലവകാരിയുടെ വിപ്ലവുമാണ്.
കവിതയേ,
നീ വില പേശരുത്.
ഈ നാണം കെട്ട കാലത്ത്
ഞങ്ങൾ പാടുന്നത്
ലജ്ജാകരമാണ്.

ആകാശത്ത് നിന്ന്
മിന്നൽ രാജിവെച്ചിരിക്കുന്നു.
സമുദ്രങ്ങളിൽ നിന്ന്
വേദികളും രാജിവെച്ചിരിക്കുന്നു.

നമ്മുടെ ഉള്ളിലെ
കവിതയുടെ അരുവികൾ
എങ്ങനെയാണ് ഒഴുകുന്നത്?
ഈ ഭൂമി വന്ധ്യയായിരിക്കെ
അരുവി എങ്ങനെ ഒഴുകും?

6
കവിതയില്ലാത്ത കാലത്ത്
ഞാൻ എന്നോട് തന്നെ
ചോദിക്കുന്നു:
കൂട്ടക്കൊലകൾക്കിടയിലും
സസ്യങ്ങൾ
എങ്ങനെ വളരുന്നു?

കവിതക്കായി
കല്യാണമൊരുക്കുന്ന നാട്.
കഠാര ഉപയോഗിച്ച്
വഞ്ചിക്കുന്ന നാട്.
അവതരിപ്പിച്ച എല്ലാ കവിതയും
നിങ്ങളേക്കാൾ ചെറുപ്പമാണ്.
അതിനാൽ
കമ്പിവാദ്യങ്ങളെ
ഞങ്ങൾ തകർത്താൽ
ക്ഷമിക്കുക.

7
സുഹൃത്തേ,
താങ്കൾക്ക് വേണ്ടി
ഞാൻ ബലിയർപ്പിക്കട്ടെ.
താങ്കളാണ് ഞങ്ങളുടെ പിതാവ്.
ഞങ്ങളുടെ
വായുവും സൂര്യനും മെതിക്കളങ്ങളും.
ഹേ ഏറെ ഉദാരമായ പച്ചയേ,
അത്ഭുതകരമായ മഹാത്ഭുതമേ,
ഞങ്ങൾ
പിതാവിന്റെയും മാതാവിന്റെയും
ഗേഹത്തിലാണ്.
കോണുകളും മതിലുകളും
ഇണക്കമുള്ളതാണ്.
നമ്മൾ സ്നേഹം ചോദിച്ചാൽ
നമ്മളിലത് കവിഞ്ഞൊഴുകും.
എപ്പോഴും നിറഞ്ഞൊഴുകുന്ന
സ്നേഹം ഇവിടെയുണ്ട്.

8
പ്രണയിനിയിൽ
എപ്പോഴൊക്കെ
കവിത ചൊല്ലിയോ
അപ്പോഴെല്ലാം കവിത
എന്റെ കൈകളിലെ
വളകളായി മാറിയിട്ടുണ്ട്.
എന്റെ സുഹൃത്തേ,
എന്റെ നായകാ,
എന്റെ പ്രിയപ്പെട്ടവനേ,
തീർച്ചയായും
ഞാൻ അതിഥിയാണ്,
താങ്കൾ കവിയും.
***

5

റോസാപ്പൂക്കളുടെയും തോക്കുകളുടെയും സംഭാഷണം

1
മഞ്ഞിന്റെയും
സഹിഷ്ണുതയുടെയും
സ്ത്രീകളേ,
നിങ്ങൾക്ക് സമാധാനം.
മുല്ലപ്പൂചെടിക്കും
പ്രഭാത സമയത്തെ
ഗൗണുകൾക്കും സമാധാനം.

പക്ഷികളുടെ കാലം വരുമ്പോൾ
അല്ലെങ്കിൽ,
കാറ്റ് വീശാൻ തുടങ്ങുമ്പോൾ
നിങ്ങൾക്ക് സമാധാനം.

എല്ലാ സമയത്തും
നിങ്ങൾക്ക് സമാധാനം.
കണ്ണുകളുടെ ഭംഗിയും
ആയുധങ്ങളുടെ ഭംഗിയും
തമ്മിലുള്ള വ്യത്യാസം
ഇല്ലാതായിരിക്കുന്നു.

2
സുന്ദരികളേ,
സമരമഹാത്മ്യതയിൽ
ചേരാനായി
കണ്ണാടികളുടെ മേന്മ
ഉപേക്ഷിച്ചവരേ,
നിങ്ങൾക്ക് സമാധാനം.

പോരാട്ടവീഥിയിൽ
വയലറ്റുകളും
റോസാപ്പൂക്കളും
നട്ടുന്നവരേ,
നിങ്ങൾക്ക് സമാധാനം.

തിര നിറക്കുന്നവരേ,
നാളം തെളിക്കുന്നവരേ,
പുരുഷ ജന്മദാതാക്കളേ,
നിങ്ങൾക്ക് സമാധാനം.

3
ദുരിതമുഖത്ത്
റോസാച്ചെടികൾ പോലെ
നിൽക്കുന്ന സ്ത്രീകളേ,
നിങ്ങൾക്ക് സമാധാനം.

മരണമെന്ന ഉപരോധത്തിന്
മുന്നിൽ
ചിരിക്കുന്ന സ്ത്രീകളേ,
നിങ്ങൾക്ക് സമാധാനം.
ബലിദാനികളേ,
ഭർത്താക്കന്മാരെയും
കുട്ടികളെയും
ജനതക്കായി നേർച്ച
നേർന്ന സ്ത്രീകളേ,
നിങ്ങൾക്ക് സമാധാനം.

എല്ലാ കണ്ണാടികളും
തകർത്ത സ്ത്രീകളേ,
നിങ്ങൾക്ക് സമാധാനം.

4
വസന്തവാഹകരേ,
വിളകളുടെ വാഹകരേ,
കണ്ണുകളാൽ ബാബിലോണിലെ
വിളക്കുകൾ
പ്രകാശിപ്പിക്കുന്നവരേ,
നിങ്ങൾക്ക് സമാധാനം.

പോരാളിയുടെ നെറ്റിയിൽ
തിളങ്ങുന്ന വിജയനക്ഷത്രങ്ങളേ,
നിങ്ങൾക്ക് സമാധാനം.

ഈ രാജ്യത്തിന്റെ
പ്രവേശന കവാടത്തിലെ
കാവൽക്കാരേ,
രാജ്യസുരക്ഷക്കായി
തങ്ങളുടെ വളകൾ വിൽക്കുന്നവരേ,
രാജ്യം ഉറങ്ങുന്നത് വരെ
നീണ്ടമുടിക്കെട്ട് അഴിക്കുന്നവരേ,
നിങ്ങൾക്ക് സമാധാനം.

5

സമാധാന സംരക്ഷകരേ,
ധീരതയുടെയും അഭിമാനത്തിന്റെയും
സമുദ്രമേ,
നിനക്ക് സമാധാനം.

തൊഴിൽശാലയിലുള്ള സ്ത്രീകളേ,
നിങ്ങൾക്ക് സമാധാനം.

തീർച്ചയായും പ്രാവുകൾ
നിർമ്മാണത്തിലും മിടുക്കരാണ്.
മാന്യരായ ആളുകളിൽ
എല്ലാ സ്ത്രീകൾക്കും ഒരിടമുണ്ട്.
മാൻപേടകളെ
യുദ്ധങ്ങൾ ഭയപ്പെടുത്തുമെന്ന്
ആരാണ് പറഞ്ഞത്?

പെണ്ണിന്റെ കൈപ്പത്തിയിലുള്ള
വാളിന് സമാധാനം.
സ്ത്രീകൾ ഭംഗി
പ്രാപിക്കുന്നതിനേക്കാൾ
നന്നായി
വാൾ മികച്ചതായിരിക്കാം.
ഞാൻ കാണുന്ന
നിങ്ങളുടെ ആകാരമേ,
അതോ,
ഈന്തപ്പനയുടെ വീര്യമോ,
നിങ്ങൾക്ക് സമാധാനം.

അസാധ്യ തീരത്തേക്കുള്ള നാവികരേ,
നിങ്ങൾക്ക് സമാധാനം.
കുതിരകളെ
കൊന്നൊടുക്കാൻ
ചിനക്കലിന്റെ
ഇല്ലാഴ്മ ചെയ്യാനും
ആഗ്രഹിക്കുന്ന
അറബ് കാലത്തിലുള്ളവരേ,
നിങ്ങൾക്ക് സമാധാനം.

കല്ലുകൾ സ്വയം പ്രതിരോധിക്കുന്ന,
ഗാസയിലും ഹെബ്രോണിലും
ബാല്യം അറുക്കപ്പെടുന്ന
അറബ് കാലത്തിലുള്ളവരേ,
നിങ്ങൾക്ക് സമാധാനം.

സഹോദര്യം നിഷേധിക്കുന്ന,
വിശ്വസ്തത കുറഞ്ഞ,
പിന്നെ ആധികാരികത ഇല്ലാത്ത
അറബ് കാലത്തിലുള്ളവരേ,
നിങ്ങൾക്ക് സമാധാനം.

7

കവിതക്ക് സമാധാനം.
അറേബ്യൻ കണ്ണുകളിൽ
കുടികൊള്ളുന്ന
സങ്കടത്തിന് സമാധാനം.
ദ്വിതീയാവസ്ഥയിൽ
പക്ഷികളെപ്പോലെ ചിലച്ച
എന്റെ കൂട്ടുകാരികൾക്ക്
സമാധാനം.
പിന്നാക്കാവസ്ഥയ്ക്കും
അജ്ഞതയ്ക്കും
എതിരെ പോരാടിയ
ഈന്തപ്പനകളുള്ള വെള്ളത്തിന്റെ
പരുക്കൻ ദേശത്തിന്
സമാധാനം.

8
ശേഷിക്കുന്ന വിശ്വാസികൾക്ക്
സമാധാനം.
അവിടുത്തെ
എല്ലാ വീട്ടിലും സമാധാനം.
ഒപ്പം ഓരോ സുഹൃത്തിനും,
ബാൽക്കെണിയിലെ
എല്ലാ തോട്ടങ്ങൾക്കും,
സൗഹൃദപക്ഷികളിലെ
എല്ലാത്തിനും സമാധാനം.
നഗരങ്ങളിലെ
ഏറ്റവും മനോഹരമായ
നഗരത്തിനും സമാധാനം.

ഏറ്റവും ധീരതയുള്ള നഗരത്തിനും
അക്ഷരമാലയിൽ
നമ്മൾ വായിക്കുന്ന
ഏറ്റവും മനോഹരമായ
അക്ഷരത്തിനും സമാധാനം.

9
ശിലാനഗരങ്ങളുടെ
യുക്തിക്കെതിരെയുള്ള
വിപ്ലവകാരികളേ,
നിങ്ങൾക്ക് സമാധാനം.

പ്രാകൃത ആക്രമണത്തിന്റെ
കഠാരയിൽ നിന്നുള്ള
അറബിസസംരക്ഷകരേ,
നിങ്ങൾക്ക് സമാധാനം.
യുദ്ധത്തിലും സമാധാനത്തിലും
സമാധാനം.

കവിതാ പുസ്തകങ്ങളിലും
പ്രാവുകളുടെ കൂറുകലിലും
സമാധാനം.
ഗായകരുടെ ദുഃഖത്തിനും
സ്ഥാനപിരിച്ചലിനും സമാധാനം.

6

നനഞ്ഞ ഹൃദയത്തിൽ നിന്ന് തേൻ ഒഴുകി

1
ശിലായുഗ ചുവരിലെ
സുവർണ്ണമണലിന്റെ മുഖം
അവർ കഴുകി.
'മുതനബ്ബി' യുടെ
പ്രതാപം
വീണ്ടെടുത്തു.
'ഹസ്സാന്റെ' യും
'ബശ്ശാറി' ന്റെയും
ശബ്ദവും
അറബി അക്ഷരങ്ങളുടെ താളവും
തിരികെയെടുത്തു.
അറബി പദങ്ങളുടെ
ഉച്ചാരണം മെച്ചപ്പെടുത്തുന്ന
കാവ്യ ശാസ്ത്രം
ഇതാണ്.

2
സ്നേഹം സ്വർണ്ണ തകിടിന്
മുകളിലായി അവർ
തിരികെ നൽകി.
അങ്ങനെ,
ഈന്തപ്പനകളുടെ
ആകാരം ഉയർന്നു.
നനഞ്ഞ ഹൃദയത്തിൽ നിന്ന്
തേൻ ഒഴുകി.
പുരാതന ചായയുടെ ഗന്ധം
ഞങ്ങൾ വീണ്ടെടുത്തു.
ആയിരക്കണക്കിന്
തടിബാൽക്കണികൾക്കും,
ആയിരക്കണക്കിന്
തവിട്ടുനിറമുള്ള
കണ്ണുകൾക്കിടയിലുമുള്ള

മനോഹരമായ
പ്രണയകഥകൾ
തിരിച്ചെത്തി.
'അധമിയ'
പാലത്തിന് മുകളിലൂടെ
ബസറയിലെ ചന്ദ്രൻ
നടക്കുന്നത് ഞങ്ങൾ കണ്ടു.

3
ഈന്തപ്പനകൾ,
ഗോതമ്പ്,
ജെൽനർ പുഷ്പം,
അക്ഷരമാലയിലെ
അക്ഷരങ്ങൾ എന്നിവയുടെ
ശേഷിപ്പിനായി മരിച്ചവരോട്
എങ്ങനെ നന്ദി പറയാതിരിക്കും?
പകൽ വരാനായി
കണ്ണിന് റാന്തൽ പോലെ
തീ കൊളുത്തിയവരോടും
എങ്ങനെ നന്ദി പറയാതിരിക്കും?
***

7

അറബിക്കടലിൽ നിന്ന് കുടിക്കുന്ന ഈന്തപ്പന

1
ഞാനൊരു
കുവൈത്ത് പുത്രിയാണ്.
മണലിന്
മുകളിൽ ഉറങ്ങുന്ന,
സുന്ദരനായ
മാൻപേട പോലെയുള്ള
ഈ തീരത്തെ പുത്രി.
രാത്രിയിലെ
നക്ഷത്രങ്ങളും
ഈന്തപ്പനകളും
എന്റെ കണ്ണുകളിൽ
സന്ധിക്കുന്നുണ്ട്.
ഇവിടെ നിന്നാണ്
എന്റെ പൂർവ്വികരെല്ലാവരും
കപ്പൽ കയറി
അസാധ്യമായത്
ചുമന്നുവന്നത്.

2
ഞാനൊരു
കുവൈത്ത് പുത്രിയാണ്.
കടലിലെ മുത്തുകളോടൊപ്പമാണ്
ഞാൻ വളർന്നത്.
മുത്തുച്ചിപ്പിയെയും
നക്ഷത്രങ്ങളെയും
കണ്ടിട്ടുണ്ട്.

ഹോ,
ഏറെ ദയയും ഔദാര്യവും
കാണിച്ച്
എന്നോടൊപ്പം
കടലുണ്ടായിരുന്നു.

പിന്നെ,
ശപിക്കപ്പെട്ട പിശാചായി
എണ്ണ വന്നു.

ഞങ്ങൾ
സ്ത്രീകളും പുരുഷന്മാരും
അതിന്റെ കാൽക്കൽ വീണു.
രാവിലെയും വൈകുന്നേരവും
ഞങ്ങളതിനെ ആരാധിച്ചു.
മരുഭൂമിയുടെ
സ്വഭാവവും അന്തസും
കാപ്പിയും ഉലക്കയും
പഴയ കവിതകളും
ഞങ്ങൾ മറന്നു.
നിസ്സാരകാര്യങ്ങളിൽ
മുങ്ങി തീർന്നു.
പ്രകാശിക്കുന്നതും
ശുദ്ധമായതും മികച്ചതും
ഞങ്ങൾ നശിപ്പിച്ചു.

3
ഞാനൊരു
കുവൈത്ത് പുത്രിയാണ്.
എന്റെ മുറി സൂര്യനാണ്.
'പ്രഭാതം'
എന്റെ നാമങ്ങളിൽ പെട്ടതാണ്.
എന്റെ പിതാമഹർ
തിരമാലകളും കടലും
കാറ്റിന്റെ സംഗീതവും
കണ്ടുപിടിച്ചു.
മരണവുമായി
അവർ ചങ്ങാത്തത്തിലായി.
അവരുടെ ആഗ്രഹങ്ങൾ കാരണം
കുതിരകൾ വിശ്രമമെടുത്തിട്ടില്ല.
ഒരു വാളും വിശ്രമിച്ചിട്ടില്ല.

പിന്നെ,
എണ്ണയുടെ ശാപം
ഞങ്ങളിൽ വന്നിറങ്ങി.

ആശാസമല്ലാത്തതെല്ലാം
അനുവദനീയമായി.
തോട്ടങ്ങൾ
വികാരത്തിന്റെ
കിടക്കകളായി.
വിദേശവനിതകൾ
നാവികരാത്രികളെ
സുഗന്ധമാക്കി.
കാലിലേക്ക്
ദീനാർ എറിയപ്പെട്ടു.
ശരീരങ്ങളിൽ
പൂമൊട്ടുകൾ നിരന്നുനിന്നു.

എന്റെ ദേശമേ,
അങ്ങനെയാണ്
സമരപതാകകൾ ഉയരുന്നതും
ഉപ്പയുടെ പൈതൃകവാൾ
ഭിത്തിയിൽ കരയുന്നതും
നിരാശപ്പെട്ട് ആയുധം
കണ്ണീർ പൊഴിക്കുന്നതും.

4
എന്റെ ദേശം,
എനിക്കത് അപരിചിതമായി.
ചന്തയാണോ അത്?
ബാലൻസ് ഇല്ലാതെ
ചെക്കുകളും
പിന്നെ,
ചൂതാട്ട കടകളുമാണോ അത്?
കടലുകൾ തുരക്കുന്ന
കലവ (ഹമൂർ) മത്സ്യമാണോ അത്?
പകൽ വെളിച്ചത്തിൽ
മാഫിയകൾ
കശാപ്പ് ചെയ്യുന്ന
കുവൈത്ത് സമൂഹമാണോ അത്?

വേദനാജനകമായ
പ്രസവശേഷം

(കാലാവസ്ഥ) ഒഴികെ
ഒന്നിനും ജന്മം നൽകാത്ത
ദേശമേ,
നീ കോപിക്കൂ.

5
സ്വർണ്ണക്കട്ടിലിൽ
ഏറെ നേരം ഉറങ്ങിയ
ദേശമേ,
നീ കോപിക്കൂ.
പെട്രോളിയം കുടിക്കുന്ന ദേശമേ,
വിറകിന്മേൽ സിംഹാസനം
പണിയുന്ന ദേശമേ,
നീ കോപിക്കൂ.

പണത്തിൻ ലഹരി പിടിച്ച ദേശമേ,
ദേശാഭിമാനം അന്ധനാക്കിയ
ദേശമേ,
നീ കോപിക്കൂ.
എണ്ണയെ
വിധിയായി കണക്കാക്കാൻ
എനിക്ക് സമ്മതമില്ല.
ഞാൻ അഗ്നിയെ
ആരാധിക്കുന്നില്ല.
എന്റെ കുട്ടികളെ
തീയുടെ ഭക്ഷണമായി എറിയില്ല.

ദേശമേ,
ഓഹരി, കറൻസി പേപ്പറിൽ
നിന്ന് നീ പോകുക.
അറബ് സൈന്യത്തിൽ ചേരുക.
ലെബനാനിലെ കുട്ടികൾ മരിക്കുന്നു.
അഭിമാനം ബലാത്കാരപ്പെടുന്നു.
ദേശമേ,
നീ കോപിക്കൂ.
കോപത്താൽ മാത്രമേ
ദേശം ഫലഭൂയിഷ്ഠമായിട്ടുള്ളൂ.

6
ഞാനൊരു
കുവൈത്ത് പുത്രിയാണ്.
ഇന്നത്തെ അറബികൾ
എന്റെ മനസ്സിൽ
വരുമ്പോഴെല്ലാം
ഞാൻ കരഞ്ഞിട്ടുണ്ട്.
ദൈവദൂതന്റെ മരണശേഷം
ഖുറൈശികളെ കുറിച്ച്
ചിന്തിക്കുമ്പോഴെല്ലാം
എന്റെ കണ്ണുനീർ
എന്നെ ചതിച്ചിട്ടുണ്ട്.
അങ്ങനെ,
ഞാൻ കരഞ്ഞിട്ടുണ്ട്.

നനഞ്ഞ കുപ്പായമണിഞ്ഞ
ബസറയെ കുറിച്ച്
ഓർക്കുമ്പോഴെല്ലാം
ഉമ്മയുടെ മുഖം
തെളിഞ്ഞിരുന്നു.
അങ്ങനെ,
ഞാൻ കരഞ്ഞിട്ടുണ്ട്.

ദേശക്കാരോട്
അവരുടെ
നിലപാടിനെക്കുറിച്ച്
അന്വേഷിക്കുമ്പോഴെല്ലാം
സങ്കടത്തോടെ
ചോദിക്കുമായിരുന്നു:
രക്തം വെള്ളമാകുമോ?
രക്തം വെള്ളമായി മാറുമോ?
എന്റെ ശബ്ദം കേൾക്കാൻ
കഴിയുന്ന ആരെയും
അരികിൽ
കണ്ടെത്താനായില്ല.
അങ്ങനെ,
ഞാൻ കരഞ്ഞിട്ടുണ്ട്.

മഹായുദ്ധത്തിൽ
ദൈവത്തെ സഹായിക്കാത്ത
ചരിത്ര, സാമീപ്യ,
കുടുംബ ബന്ധങ്ങളെ
നിഷേധിച്ചവരെ
ഓർക്കുമ്പോഴെല്ലാം
ഞാൻ കരഞ്ഞിട്ടുണ്ട്.
എന്റെ ദേശത്തിന്
മേൽക്കൂരയും വീടും ഉള്ളപ്പോൾ
എങ്ങനെയാണ്
അവർ ചെവി അടച്ചത്?

7
സലാഹുദ്ദീനെ
ഞാൻ സ്വപ്നത്തിൽ
കാണുമ്പോഴെല്ലാം
അദ്ദേഹം ജറുസലേമിൽ
അപ്പക്കഷ്ണങ്ങൾക്കായി
യാചിക്കുകയായിരുന്നു.
ഞാൻ കാണുമ്പോഴെല്ലാം
അറേബ്യൻ വാളുകളുടെ
വാതിൽക്കൽ
യാചിക്കുകയായിരുന്നു.

തായ്, തമീം, ഉസയ ദേശങ്ങളെ
മരുഭൂമിയിൽ
അലഞ്ഞ് ചോദിക്കുകയായിരുന്നു.
സ്വത്വം കാണിക്കാൻ
വാൾ അത്യാവശ്യമായി
മാറിയ ദേശമേ,
ഞാൻ പോലീസ് സ്റ്റേഷനിൽ
കാണുമ്പോഴെല്ലാം,
ജാമ്യക്കാരനോ
സ്വത്വമോ ഇല്ലാതെ
ചുമരിൽ എറിയപ്പെട്ടപ്പോൾ
എന്റെ മുറിവുകളുടെ
ആഴത്തിൽ നിന്ന്
ഉണർന്നിരുന്നു.

8
ഞാനൊരു
കുവൈത്ത് പുത്രിയാണ്.
ഇന്നത്തെ അറബികൾ
എന്റെ മനസ്സിൽ
വരുമ്പോഴെല്ലാം
ഞാൻ കരഞ്ഞിട്ടുണ്ട്.
ദൈവദൂതന്റെ മരണശേഷം
ഖുറൈശികളെ കുറിച്ച്
ചിന്തിക്കുമ്പോഴെല്ലാം
എന്റെ കണ്ണുനീർ
എന്നെ ചതിച്ചിട്ടുണ്ട്.
അങ്ങനെ,
ഞാൻ കരഞ്ഞിട്ടുണ്ട്.

ഈ വിശാല രാജ്യം
അടിച്ചമർത്തലിന്
ഇടയിൽ കാണുമ്പോഴെല്ലാം
ഞാൻ കരഞ്ഞിട്ടുണ്ട്.
ഇന്നലെയുടെയും
ഇന്നിന്റെയും
ഭൂപടത്തിൽ
ഞാൻ ഉറ്റുനോക്കുന്നിടത്തോളം
ഞാൻ കരഞ്ഞിട്ടുണ്ട്.

റോമിൽ
അല്ലെങ്കിൽ
പാരീസിൽ
പേടി തോന്നാതെ
കുരുവി പാടുന്നത്
കാണുമ്പോഴെല്ലാം
ഞാൻ കരഞ്ഞിട്ടുണ്ട്.

പ്രക്ഷേപകസ്ഥനങ്ങളിൽ നിന്ന്
വിദ്വേഷം പാനം ചെയ്യുന്ന
അറബി കുട്ടിയെ കാണുമ്പോഴൊക്കെ
ഞാൻ കരഞ്ഞിട്ടുണ്ട്.

അറബ് സൈന്യം ആളുകളെ
വെടിവക്കുന്നത് കാണുമ്പോഴെല്ലാം
ഞാൻ കരഞ്ഞിട്ടുണ്ട്.
ജന സ്നേഹത്തെക്കുറിച്ച്
പിന്നെ,
കൂടിയാലോചനയെ കുറിച്ചും
അഭിപ്രായ സ്വാതന്ത്ര്യത്തെ കുറിച്ചും
ഭരണാധികാരി
പറയുമ്പോഴെല്ലാം

ഞാൻ കരഞ്ഞിട്ടുണ്ട്.
പാസ്പോർട്ട് വിശദാംശങ്ങളെക്കുറിച്ച്
അറബ് ദേശത്തെ പോലീസ്
എന്നെ
ചോദ്യം ചെയ്യുമ്പോഴെല്ലാം
എവിടുന്ന് വന്നോ
അവിടേക്ക് തിരികെ പോയിട്ടുണ്ട്.

9
ഞാനൊരു
കുവൈത്ത് പുത്രിയാണ്.
തടികൊണ്ടുള്ള
കുതിരയെപ്പോലെ
ഉറക്കാനും തണുക്കാനും
എന്റെ ഹൃദയത്തിന് ആകുമോ?
അറബികളുമായുള്ള
ബന്ധം റദ്ദാക്കാൻ
എനിക്ക് ആകുമോ?
എന്റെ ശരീരം
അറബിക്കടലിൽ നിന്ന്
കുടിക്കുന്ന ഈന്തപ്പനയാണ്.
എന്റെ പേജിൽ
എല്ലാ തെറ്റുകളും സങ്കടങ്ങളും,
അറബ് പ്രതീക്ഷകളും
പതിഞ്ഞിട്ടുണ്ട്.

ചരിത്രം
വരാൻ കാത്തിരുന്ന്
ഞാൻ എന്നും ശേഷിക്കും.

കണ്ണുകളിൽ പാടുന്ന
പക്ഷിയും ചന്ദ്രനും
ഒപ്പം
മഴയുടെ അടയാളങ്ങളും
ഉണ്ടാകും.

ഞാൻ ഒരു വില്ലയെ,
നക്ഷത്രത്തെ,
മരീചികയുടെ പിന്നിലെ
പറുദീസയെ തിരഞ്ഞ്
ഞാൻ എന്നും ശേഷിക്കും.

അവശിഷ്ടങ്ങളുടെ
അടിയിൽ നിന്ന്
മുളച്ചു പൊന്തുന്ന
റോസാപ്പൂക്കളെ പ്രതീക്ഷിച്ചു
ഞാനെപ്പോഴും
ബാക്കിയുണ്ടാകും..
***

8

വിവാഹ രാത്രിയിൽ 'സഖി' യുമായുള്ള സംഭാഷണം

1
ഞാനിതാ
ഒടുവിൽ ബസറയിൽ.
സഖിയുമായി എനിക്കൊരു
നീണ്ട സംഭാഷണമുണ്ട്.

റൊട്ടി, ഉപ്പ്, ഈന്തപ്പന, തിരമാല,
മത്സ്യത്തൊഴിലാളികൾ,
നീലക്കടൽ, ചുവന്ന മത്സ്യം
എന്നിവയെ കുറിച്ചുള്ള
ദീർഘ ഭാഷണം.

ഞങ്ങളുടെ ബാല്യകാലരഹസ്യങ്ങൾ
ഒളിപ്പിച്ച ഷെല്ലുകളെ കുറിച്ചുള്ള
ദീർഘ ഭാഷണം.

ഞാൻ സഖിയെ
കുറിച്ച് പറയുമ്പോൾ
ഉദ്ദേശിക്കുന്നത് ബസറയാണ്.
ബസറയെ
കുറിച്ച് പറയുമ്പോൾ
ഉദ്ദേശിക്കുന്നത് സഖിയുമാണ്.
ഒരു പുസ്തകത്തിലെ
രണ്ട് അധ്യായങ്ങൾ.
ഒരു നൂലിലെ
രണ്ട് മുത്തുകൾ.
എന്റെ ഹൃദയത്തിൽ നിന്ന് ഒഴുകി,
അറബിക്കടലിൽ പതിക്കുന്ന
രണ്ട് നദികൾ.

2
സഖിയെ കാണുമ്പോൾ
ഞാനെന്തു പറയും?
എന്നെ കാണുമ്പോൾ
അവളെന്ത് പറയും?

ബസറ അവളോട് പറയാൻ
അല്ലെങ്കിൽ,
അവളെക്കുറിച്ച് പറയാനായി
മനോഹരമായ വാക്കുകൾ
ഞങ്ങളിൽ ശേഷിക്കുന്നില്ല.

അവൾ ഞങ്ങളുടെ
ഭാഷ മോഷ്ടിച്ചിരിക്കുന്നു.
അവൾ ഞങ്ങളെ
അനുരാഗമില്ലാത്തവരും
തൊഴിൽരഹിതരുമാക്കിയിരിക്കുന്നു.
അവൾ ഞങ്ങളുടെ
ചുണ്ടുകൾ മോഷ്ടിച്ചിരിക്കുന്നു.
അവൾ ഞങ്ങളുടെ
കാമറകൾ മോഷ്ടിച്ചിരിക്കുന്നു.

നന്ദി പറയാനോ
അവളുടെ കൈകളിൽ
ചുംബിക്കാനോ
വീരത്വത്തിൽ മുങ്ങിയ അവളുടെ
ഓർമ്മയുടെ ഫോട്ടോ
എടുക്കാനോ
ഞങ്ങൾക്ക് ആവില്ല.

3
സഖിയുടെ വീട് തേടി
ചിൻചില്ല തടി,
കുട്ടികളുടെ നോട്ട്ബുക്കുകൾ,
മിനാര മൊസൈക്ക്,
കത്തിച്ച ഈന്തപ്പന ചാരം
എന്നിവയിൽ നിന്നും
അവശേഷിക്കുന്നത്

കീശയിൽ ശേഖരിച്ച്
ഞാൻ നടന്നു.

4

ഞങ്ങൾ സഖിയുടെ
വീട്ടിൽ എത്താറായി.
ഹൃദയത്തിൽ തീ കത്തുകയും
രക്തചംക്രമണത്തിന്റെ
താളം മാറുന്നുമുണ്ട്.
ഈന്തപ്പനകളെപ്പോലെ
ഞങ്ങൾ ആലിംഗനം ചെയ്തു.
രണ്ടു മേഘങ്ങൾ പോലെ
ഞങ്ങളുടെ കണ്ണുനീർ
നനയുന്നുണ്ട്.

വർഷങ്ങൾക്ക് ശേഷവും
പെണ്ണിൽ പൊതിഞ്ഞ
റോസാപ്പൂവാണവൾ.
അകലെ നിന്ന്
പാറി വരുന്ന
രണ്ട് പക്ഷികളാണ്
അവളുടെ കണ്ണുകൾ.
മുടി ചീനാമഷി കൊണ്ട്
വരച്ചെടുത്ത ഫലകമാണ്.

പഴയ പുസ്തകങ്ങളുടെ
മണമുണ്ടതിന്.
കുഞ്ഞുങ്ങൾ ജനിക്കുമ്പോഴുള്ള
മണമുണ്ടതിന്.

5

ബസറയിലെ രാത്രി
ഞാൻ കൊതിച്ചു.
മഞ്ഞും വില്ലൂസ് പട്ടും
നിറഞ്ഞ പുതപ്പ്
ഞാൻ കൊതിച്ചു.
'ബദർ ശാക്കിർ സയ്യാബിന്റെ'
പ്രതിമയ്ക്ക് താഴെ
ഞാൻ സഖിയോടൊപ്പം

ഇരുന്നു.
കല്ലിന്റെ സുഷിരങ്ങളിൽ നിന്ന്
പുല്ല് പുറത്തുവരുന്നുണ്ട്.
'സയ്യാബിന്റെ'
ഊഷ്മളനാദം
ഞങ്ങൾ കേട്ടു.

അനുരാഗത്തോടെ
രക്തത്തെ ചംക്രമണം
വരുത്തുന്ന കൊതി.
വെള്ളത്തിൽ മുങ്ങിയന്റെ
മുഴുവൻ ചോരയും വായുവിനു
വേണ്ടിയുള്ള തേടുന്ന തേട്ടം.

ഇരുട്ടിൽ നിന്ന്
ജന്മം വരെ കുടിച്ച
ഗർഭപിണ്ഡത്തിന്റെ വാഞ്ഛ.
എങ്ങനെയാണ്
വഞ്ചകർക്ക് ചതിക്കാനാവുക?
മനുഷ്യന് തന്റെ ദേശത്തെ
ഒറ്റിക്കൊടുക്കാനാവുമോ?
ആവുക എന്ന
ആശയത്തെ വഞ്ചിച്ചാൽ
ആവുക എന്നത്
എങ്ങനെ സാധ്യമാകും?
എന്റെ നാട്ടിൽ സൂര്യൻ
മറ്റുള്ളവയേക്കാൾ
മനോഹരമാണ്, ഇരുട്ടും.
ഇരുട്ട് പോലും
കൂടുതൽ മനോഹരം.
അത് സമാധാനത്തെ
ഉൾക്കൊള്ളുന്നു.

അയ്യോ,
ഞാൻ എപ്പോഴാണ് ഉറങ്ങുക!
വേനൽക്കാല രാത്രിയിൽ
നിന്റെ സുഗന്ധമുള്ള
മഞ്ഞെനിക്ക്

തലയിണയിൽ അനുഭവമായി?

6
ബസറയിൽ
ഞാനൊരു വിവാഹ ചടങ്ങിന്
വന്നതാണ്.
വർഷങ്ങളായി ഞാനൊരു
വിവാഹത്തിലും പങ്കെടുത്തിട്ടില്ല.
ശരിക്കൊരു സന്തോഷത്തിലും
പങ്കുചേർന്നിട്ടില്ല.
വിവാഹ പാർട്ടിക്കും പോയിട്ടില്ല.
സഖിയുടെ കല്യാണത്തിന്
വേണ്ടിയാണ് ഞാൻ
ബസറയിൽ വന്നത്.
പുതിയ വസ്ത്രങ്ങളോ
സമ്മാനങ്ങളോ
റോസാപ്പൂവോ
കൊണ്ടുവന്നിട്ടില്ല.
ഹൃദയത്തിലെ റോസാപ്പൂവ്
ഞാൻ കൊണ്ടു വന്നിട്ടുണ്ട്.
സന്തോഷ മഴ
എന്നെ തലമുതൽ കാൽ വരെ
നനച്ചിരിക്കുന്നു.

7
ബസറ
ഗ്രീക്കു മാതൃകയിൽ
ഐതിഹാസികമായി
വിവാഹിതായിരിക്കുന്നു.
ചന്ദ്രനായിരുന്നു അവൾ.
ഗ്രഹങ്ങൾ അധികനേരം
കാത്തിരിക്കില്ല.
എല്ലാവരേയും പോലെ
കൗമാരക്കാരും
സ്വപ്നം കാണുന്നവരും
ഹണിമൂൺ യാത്രക്കായി
അവൾക്കും
വിവാഹവാഹിനിയിൽ
കയറാമായിരുന്നു.

എന്നാൽ,
അവൾ ദേശച്ചിറകിലേറിയോടി.

8
സഖിക്ക് സ്വപ്ന നൗകയിൽ
യാത്ര ചെയ്യാനും
വെള്ളിയും സ്വർണ്ണവും
കൊണ്ടുള്ള കരണ്ടിയിൽ
ഭക്ഷിക്കാനും,
പാരീസിലും ലണ്ടനിലും
വിവാഹ വസ്തുക്കൾ വാങ്ങാനും,
വൈവാഹിക വീട്ടുപകരണങ്ങൾ
ഇറ്റലിയിൽ നിന്ന് ഇറക്കാനും,
വെനീസിലെ പ്രാവുകൾക്കൊപ്പം
ഫോട്ടോകൾ എടുക്കാനും
പറ്റുമായിരുന്നു.
എന്നാൽ ബസറ വിടുന്നതിന് മുമ്പ്,
അവൾ താമസിക്കുന്നയിടത്ത്
ആദ്യമിസൈൽ പതിച്ചു.
വീടുകൾ കത്തിചാമ്പലായി.
കുട്ടികളും
ഈന്തപ്പനത്തോട്ടങ്ങളും
യാത്രാ ഭൂപടങ്ങളും
കത്തിയമർന്നു.
നിമിഷങ്ങൾക്കകം
സഖി തീരുമാനമെടുത്തു.

വിരലിൽ നിന്ന്
വിവാഹ മോതിരം ഊരിമാറ്റി,
യുദ്ധ മോതിരം ധരിച്ചു.
നിയമ കോടതിയുടെ
പിൻവാതിലിലൂടെ
അവൾ ഓടി.
സൈനിക ആഫീസിലേക്ക്
പോയി.

സഖിയുടെ വാർത്ത
എനിക്ക് നഷ്ടമായി.
ഉപഗ്രഹ സന്ദേശങ്ങൾ
വിച്ഛേദിക്കപ്പെട്ടു.

9
വെടിനിർത്തൽ തീരുമാനം
പുറത്തുവന്ന്
മണിക്കൂറുകൾക്കകം
വിവാഹത്തിന്
ക്ഷണിച്ചുകൊണ്ട്
സഖിയിൽ നിന്ന്
എനിക്ക് അടിയന്തിര സന്ദേശം
ലഭിച്ചു.
ആരവങ്ങളില്ലാത്ത
സൽകാരത്തിൽ
പങ്കെടുക്കാൻ
ഞാൻ കണ്പീലികൾക്ക്
മുകളിലൂടെ ഓടി.

സഖീ,
നീ ആരെയാണ്
വിവാഹം കഴിക്കുന്നത്?
വാളിനെ,
എന്റെ ആദ്യത്തെ വാളിനെ,
ഞാൻ വാളിനെ മാത്രമേ
വിവാഹം കഴിക്കൂ.
അവളുടെ ധൈര്യം
എന്നെ ആകർഷിച്ചു.
ഞാൻ എന്നോട് തന്നെ ചോദിച്ചു:
എത്ര അറബ് സ്ത്രീകൾ
വാളുകളെ വിവാഹം
കഴിക്കാൻ ഇഷ്ടപ്പെടും?

10
സഖിയുടേത്
എല്ലാ അർത്ഥത്തിലും
ഒരു കല്യാണമായിരുന്നു.

എല്ലാ ഫ്രഞ്ച്, ഇറ്റാലിയൻ ഫാഷൻ
നിർമ്മാതാക്കളും ക്ഷമാപണം
നടത്തി സന്ദേശങ്ങൾ അയച്ചു.

രക്തസാക്ഷികളുടെ
കൈത്തണ്ടയിൽ
നിന്നും
വീരന്മാരുടെ കണ്ണിൽ നിന്നുമാണ്
വിലയേറിയ കല്ലുകൾ
നിർമ്മിച്ചിരിക്കുന്നത്.
പോരാളികളുടെ രക്തം കൊണ്ടാണ്
വളകൾ നിർമ്മിച്ചത്.
നെക്ലേസുകൾ, വളകൾ,
കമ്മലുകൾ എന്നിവ
തിരകളുടെ ശേഷിപ്പുകൊണ്ടും
തൊടുത്ത റോക്കറ്റുകളുടെ
കഷ്ണങ്ങളും കൊണ്ടുമാണ്
നിർമ്മിച്ചിരിക്കുന്നത്.

ഈ പുരാണ നഗരം
നിലനിൽക്കണം.
എല്ലാ റഷ്യൻ, ഇസ്രായേലി,
അമേരിക്കൻ ആയുധങ്ങളും
നിങ്ങളുടെ വീരനഗരത്തിൽ
വാണ ചൈനക്കാരും
ബസറയിലെ പെണ്ണുങ്ങളെ
രത്നങ്ങളാക്കി മാറ്റി.

ബ്രിട്ടീഷ് സിംഹാസനത്തിന്റെ
രത്നങ്ങൾ എവിടെ?
അതുകൊണ്ടാണ് ഞാൻ
ബസറയിലെ പെണ്ണിനെ
ലോകസുന്ദരി പട്ടത്തിന്
നിർദ്ദേശിക്കുന്നത്?

'ജോക്കോണ്ട' യെ
കാണുന്നതിന് മുമ്പ്
'ലിയനാർഡോ ഡാവിഞ്ചി'

പടവെട്ടുന്ന
ബസറയിലെ പെണ്ണിനെ
കണ്ടിരുന്നെങ്കിൽ
തന്റെ മഹത്തായ കലാസൃഷ്ടിയുടെ
മാതൃകയായി
ബസറയിലെ പെണ്ണിനെ
തെരഞ്ഞെടുക്കുമായിരുന്നു.

***

Back cover

കുവൈത്ത് കവയത്രി സുആദ് മുഹമ്മദ് അൽ സബാഹ് നീണ്ട ഇടവേളക്ക് ശേഷം പുറത്തിറക്കിയ 'ഹിവാർ അൽ വർദ് വ അൽ ബനാദിക്" എന്ന കൃതി തന്റെ കാവ്യാത്മക ജീവിതത്തിലെ ശ്രദ്ധേയമായ കുതിച്ചുചാട്ടവും അറബ്, മാനുഷിക തത്വങ്ങളുടെ സുവ്യക്തമായ പ്രഖ്യാപനവുമാണ് വിളിച്ചോതുന്നത്.

നിരവധി പതിപ്പുകളിലായി പുറത്തിറങ്ങിയ ഈ കവിതാസമാഹാരം അരനൂറ്റാണ്ടിലേറെ നീണ്ടുനിൽക്കുന്ന തന്റെ കാവ്യാനുഭൂതിയുടെ വർണ്ണാഭമായ കാഴ്ചകളും ഇടിമുഴക്കവും പറത്തിവിട്ട ഒരു സുപ്രധാന കാലഘട്ടത്തിലേക്കാണ് ആസ്വാദകരെ ക്ഷണിക്കുന്നത്.

'അൽ സുബൈർ' നഗരത്തിലെ തന്റെ ബാല്യകാലം, കവിതാ പ്രതിഫലനങ്ങൾ, ജീവിതചലനങ്ങൾ, സാഹിത്യ അനുഭവങ്ങൾ, ബൗദ്ധിക പോരാട്ടങ്ങൾ എന്നിവ ഈ രചനയുടെ സവിശേഷതയാണ്.

ഈ കവയത്രിയുടെ മനസ്സിൽ തുടക്കം മുതൽ വേരൂന്നിയ അറബ് സ്വത്വബോധം ഈ സമാഹാരത്തിലെ ഒന്നിലധികം കവിതകളിൽ മഞ്ഞായും തീനാളമായും പ്രതിഫലിച്ചിട്ടുണ്ട്.

ദേശസ്നേഹവും സ്വത്വരാഷ്ട്രീയവും ഒരുപോലെ സമ്മേളിച്ച സുആദ് മുഹമ്മദ് അൽ സബാഹിന്റെ ഈ കവിതാ സമാഹാരം പൊതുജീവിതത്തിലെ സ്ത്രീപങ്കാളിത്തം കൃത്യമായി വരച്ചുകാട്ടുന്നുണ്ട്.